ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE:28.06.2025

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഓപ്പറേഷൻ സിന്ധുവിന് കീഴിൽ ഇതുവരെ 4,415 ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിച്ചു.

   **Under Operation Sindhu, a total of four thousand 415 Indian nationals have been evacuated so far from conflict zones in Iran and Israel.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന 'മൻ കീ ബാത്തിൻറെ 123-ാം പതിപ്പ് നാളെ.

   **The 123rd edition of 'Mann Ki Baat', where Prime Minister Narendra Modi shares ideas with the people through All India Radio, will be held tomorrow.**

3. കൊൽക്കത്തയിൽ നിയമ വിദ്യാർത്ഥിനി കോളേജ് പരിസരത്ത് കൂട്ടബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

   **The National Commission for Women has taken suo motu cognizance of an incident reported from South Kolkata, where a law student was allegedly gang-raped within the college premises.**

4. സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

   **Kerala Chief Minister Pinarayi Vijayan will inaugurate the state-level inauguration of the Universal Palliative Care Scheme and the 'Kerala Care' Palliative Network today.**

5. മധ്യകേരളത്തിലും വടക്കൻ കേരളത്തിലും അഞ്ച് ദിവസം മഴ ശക്തമായി തുടരും. അഞ്ച് ജില്ലയിൽ ഓറഞ്ച് ജാഗ്രത.

**Heavy rains will continue in Central and North Kerala for five days. Orange alert in five districts.**

6. വനിത ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യൻ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും; ഉസ്ബെക്ക് ചെസ് കപ്പ് മാസ്റ്റേഴ്സിൽ ഇന്ത്യയുടെ പ്രഗ്നാനന്ദയ്ക്ക് കിരീടം.

**Indian team to face England in women's Twenty20 cricket today; India's Praggnanandhaa wins the Uzbek Chess Cup Masters.**

&&&&&&&&&&&&&&&&&&&&&&&

## HEADLINE-1
## OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിന് കീഴിൽ ഇതുവരെ ആകെ 4,415 ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിച്ചു. ഇതിൽ 3,597 പേരെ ഇറാനിൽ നിന്നും 818 പേരെ ഇസ്രായേലിൽ നിന്നുമാണ് പ്രത്യേക വിമാനങ്ങളിൽ എത്തിച്ചത്. 9 നേപ്പാളി പൗരന്മാരെയും 4 ശ്രീലങ്കൻ പൗരന്മാരെയും ഇറാനിൽ നിന്ന് ഒഴിപ്പിച്ചതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഒഴിപ്പിച്ചവരിൽ ആയിരത്തി അഞ്ഞൂറിലധികം സ്ത്രീകളും അഞ്ഞൂറിലധികം കുട്ടികളും ഉൾപ്പെടുന്നു.

****************************

## PM – ACHARYA

പ്രമുഖ ജൈന ആത്മീയ നേതാവും സാമൂഹിക പരിഷ്കർത്താവുമായ ആചാര്യ വിദ്യാനന്ദ് ജി മഹാരാജിന്റെ ജന്മ ശതാബ്ദി ആഘോഷങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഭഗവാൻ മഹാവീർ അഹിംസ ഭാരതി ട്രസ്റ്റുമായി സഹകരിച്ച് സർക്കാർ സംഘടിപ്പിക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് ഔപചാരിക തുടക്കം കുറിക്കുന്നതാണ് പരിപാടി. ഇതിൻറെ

ഭാഗമായി രാജ്യത്തുടനീളം സാംസ്കാരിക, സാഹിത്യ, വിദ്യാഭ്യാസ, ആത്മീയ പരിപാടികൾ സംഘടിപ്പിക്കും. ജൈന തത്ത്വചിന്തയെയും ധാർമ്മികതയെയും കുറിച്ച് 50 ലധികം കൃതികൾ രചിച്ച ആചാര്യ വിദ്യാനന്ദ് ജി മഹാരാജ്, ഇന്ത്യയിലുടനീളമുള്ള പുരാതന ജൈന ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിലും പുനരുജ്ജീവനത്തിലും നിർണായക പങ്ക് വഹിച്ചു.

****************************

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത മാസം 2 മുതൽ അഞ്ചു രാജ്യങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളിലാണ് പ്രധാനമന്ത്രിയുടെ എട്ട് ദിവസത്തെ സന്ദർശനം. ഘാനയിലേക്കുള്ള പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമാണിത്.

****************************

## HEADLINE-2

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാം പതിപ്പാണിത്.

****************************

## MEA-INDUS WATER

ജമ്മു കശ്മീരിലെ കിഷൻഗംഗ, റാറ്റിൽ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് ആർബിട്രേഷൻ കോടതി പുറപ്പെടുവിച്ച വിധി ഇന്ത്യ തള്ളി. 1960 ലെ സിന്ധു നദീജല ഉടമ്പടി പ്രകാരം

രൂപീകരിച്ചതായി പറയപ്പെടുന്ന ആർബിട്രേഷൻ കോടതിയുടെ വിധിയാണ് തള്ളിയത്. ആർബിട്രേഷൻ കോടതി നിയമവിരുദ്ധമാണെന്ന് ഇന്ത്യ വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം, അതിർത്തി കടന്നുള്ള ഭീകരതയെ പാകിസ്ഥാൻ പിന്തുണയ്ക്കുന്നത് കണക്കിലെടുത്ത്, സിന്ധു നദീജല ഉടമ്പടിരാജ്യം നിർത്തിവച്ചിരിക്കുകയാണ്. അതിനാൽ ഈഉടമ്പടി പ്രകാരമുള്ള ഒരു ബാധ്യതയും ഇന്ത്യ ഇനി നിറവേറ്റാൻ ബാധ്യസ്ഥമല്ലെന്നും വിദേശ മന്ത്രാലയം ചൂണ്ടിക്കാട്ടി.

****************************

## MEA-BRIEFING (INTRO)

ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിനുശേഷം സംയുക്ത പ്രസ്താവന ഇറക്കാനായിട്ടില്ലെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ചില അംഗരാജ്യങ്ങൾക്ക് ചില വിഷയങ്ങളിൽ സമവായത്തിലെത്താൻ കഴിഞ്ഞില്ലെന്നും അതിനാൽ രേഖയ്ക്ക് അന്തിമരൂപം നൽകാൻ കഴിഞ്ഞില്ലെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ് ഹോൾഡ് )

****************************

## HEADLINE-3
## NCW - KOLKATA

കൊൽക്കത്തയിൽ നിയമ വിദ്യാർത്ഥിനി കോളേജ് പരിസരത്ത് കൂട്ടബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ കടുത്ത ആശങ്ക പ്രകടിപ്പി ച്ച കമ്മീഷൻ മൂന്ന് ദിവസത്തിനുള്ളിൽ, അന്വേഷണത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് കൊൽക്കത്ത പോലീസ് കമ്മീഷണർക്ക്

കത്തയച്ചു. കേസിൽ തൃണമൂൽ വിദ്യാർഥി നേതാവ് അടക്കം മൂന്നു പേർ അറസ്റ്റിലായി.

****************************

## MOSPI-AGRI REPORT

കൃഷി, അനുബന്ധ മേഖലകളിൽ നിന്നുള്ള ഉൽപ്പാദനത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് റിപ്പോർട്ടിൽ രാജ്യത്ത് മികച്ച നേട്ടം രേഖപ്പെടുത്തി. പന്ത്രണ്ടു വർഷ കാലയളവിൽ കൃഷിയുടെയും അനുബന്ധ മേഖലകളുടെയും മൊത്ത മൂല്യവർദ്ധനവിൽ നിലവിലെ വിലയിൽ ഏകദേശം 225 ശതമാനം വളർച്ച രേഖപ്പെടുത്തി. 2011-12ൽ ഇത് 1,502 കോടി രൂപ ആയിരുന്നത് 2023-24 ൽ 4,878 കോടി രൂപയായി വർധിച്ചു.

****************************

## PABITRA MARGEREETA

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് സംഘടിപ്പിക്കുന്ന ടാലന്റ് ഹണ്ട് സീസൺ 5 മത്സരങ്ങളുടെ ജില്ലാതല ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരീറ്റ ഇന്ന് നിർവഹിക്കും. തിരുവനന്തപുരം നീറമൺകര മന്നം മെമ്മോറിയൽ സ്കൂളിലാണ് പരിപാടി.

****************************

## GEORGE KURIEN

ചെല്ലാനത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഇലക്ട്രിക്ക് ഓട്ടോ ഫിഷ് വെൻഡിംഗ് കിയോസ്ക് വിതരണം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് നിർവഹിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായാണിത്.

****************************

## HEADLINE-4
## KERALA CARE

കിടപ്പുരോഗികളായ എല്ലാവർക്കും പരിചരണം ഉറപ്പാക്കുന്നതിന് നിർണായക ചുവടുവയ്പ്പുമായി കേരള സർക്കാർ. സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. വൈകുന്നേരം നാലിന് എറണാകുളം കളമശ്ശേരി രാജഗിരി സ്കൂളിലാണ് ചടങ്ങ്. മന്ത്രിമാരായ വീണാ ജോർജ്, പി രാജീവ്, എം ബി രാജേഷ്, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എന്നിവരും പങ്കെടുക്കും. സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.

****************************

## CM-FILE ADALATH

സംസ്ഥാനത്ത് ജൂലൈ 1 മുതൽ ഓഗസ്റ്റ് 31 വരെ നടക്കുന്ന ഫയൽ അദാലത്തിനാവശ്യമായ വകുപ്പുതല ക്രമീകരണങ്ങൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിലാണ് മുഖ്യമന്ത്രിയുടെ നിർദേശം.

****************************

## HEADLINE-5
## WEATHER - KERALA

മധ്യകേരളത്തിലും വടക്കൻ കേരളത്തിലും വരുന്ന അഞ്ച് ദിവസം മഴ ശക്തമായി തുടരും. തെക്കൻ കേരളത്തിലും

സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

***************************

## IDUKKI-RAIN (INTRO)

ഇടുക്കിയിൽ മഴയ്ക്ക് നേരിയ ശമനമായെങ്കിലും നദികളിലേയും ഡാമുകളിലേയും ജലനിരപ്പ് ഉയർന്ന തോതിൽ തുടരുകയാണ്. ഇടുക്കി ഡാമിലെ ജലനിരപ്പ് 2,360.50 അടിയാണ്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 135.40 അടിയിലെത്തി. പെരിയാറിന്റെ ഇരുകരകളിൽ നിന്നും 883 കുടുംബങ്ങളിലെ 3220 പേരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

***************************

## PLUS ONE ADMISSION

പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്നു രാവിലെ 10 മുതൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഒഴിവും മറ്റു വിവരങ്ങളും രാവിലെ 9 ന് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. മുഖ്യ അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷിക്കാൻ കഴിയാതിരുന്നവർക്കും ഇപ്പോൾ അപേക്ഷിക്കാം.

***************************

## HEADLINE-6
## WOMEN T-20 CRICKET

വനിത ട്വന്റി-ട്വന്റി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. രാത്രി ഏഴുമുതലാണ് മത്സരം. അഞ്ചു മത്സരങ്ങളാണ് പരമ്പരയിലുള്ളത്. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

****************************

## HEADLINE-6a
## CHESS

ഉസ്ബെക്ക് ചെസ് കപ്പ് മാസ്റ്റേഴ്സിൽ ഇന്ത്യയുടെ പ്രഗ്നാനന്ദയ്ക്ക് കിരീടം. അവസാനറൗണ്ടിൽ ആതിഥേയരുടെ നോദിർബെക് അബ്ദുസത്താറോവിനെ കീഴടക്കിയ പ്രഗ്ഗ് ടൈബ്രേക്കറിലൂടെയാണ് ചാമ്പ്യൻഷിപ്പ് നേടിയത്.

****************************

## BIHAR - E – VOTING

മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിലും ഉപതെരഞ്ഞെടുപ്പുകളിലും മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ഇ-വോട്ടിംഗ് സൗകര്യങ്ങൾ ആരംഭിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി ബിഹാർ. ഇന്ന് ബിഹാറിൽ നടക്കുന്ന മുൻസിപ്പിൽ തെരഞ്ഞെടുപ്പിൽ ഇ-വോട്ടിംഗ് ആപ്ലിക്കേഷനുകൾ വഴി വോട്ട് ചെയ്യാൻ 40,000-ത്തിലധികം വോട്ടർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇ-വോട്ടിംഗിലൂടെ രാവിലെ 7 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ വീടുകളിൽ നിന്ന് വോട്ട് രേഖപ്പെടുത്താം. പോളിംഗ് ബൂത്തുകളിൽ എത്തുന്നതിൽ വെല്ലുവിളികൾ നേരിടുന്ന മുതിർന്ന പൗരന്മാർ, ഗർഭിണികൾ, ഗുരുതരമായ രോഗങ്ങളുള്ളവർ, ദിവ്യാംഗ വോട്ടർമാർ എന്നിവർക്കാണ് ഈ സൗകര്യം ഒരുക്കുന്നത്.

***************************

## US COURT TRUMP

കീഴ്ക്കോടതികളിലെ ജഡ്ജിമാർക്ക് പ്രസിഡന്റിന്റെ ഉത്തരവുകൾ തടയാനുള്ള അധികാരം പരിമിതപ്പെടുത്തി യുഎസ് സുപ്രീം കോടതി. ഇതോടെ ജന്മാവകാശ പൗരത്വം അവസാനിപ്പിക്കാനുള്ള ട്രംപിന്റെ നീക്കത്തിനെതിരെ ജില്ലാ കോടതി ജഡ്ജിമാർ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് പ്രസക്തി ഇല്ലാതാകും. സുപ്രീംകോടതി വിധിയെ യുഎസ് പ്രസിഡന്റ് സ്വാഗതം ചെയ്തു.

***************************

## US CANADA TRADE TALKS

കാനഡയുമായുള്ള വ്യാപാര ചർച്ചകൾ അവസാനിപ്പിക്കുകയാണെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. കാനഡയ്ക്കുള്ള പുതിയ താരിഫ് നിരക്ക് ഉടൻ പ്രഖ്യാപിക്കുമെന്നും ട്രംപ് അറിയിച്ചു. തിങ്കളാഴ്ച മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കിയ താരിഫ് നടപ്പിലാക്കുമെന്നും അറിയിച്ചു.

***************************

## AMIT SHAH-GUJARAT VISIT

ഗുജറാത്തു സന്ദർശനം നടത്തുന്ന കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഗാന്ധിനഗറിലെ ഇൻഫർമേഷൻ ആൻഡ് ലൈബ്രറി നെറ്റ്‌വർക്ക് സെന്റർ സന്ദർശിച്ചു. നൂതന സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ച് നടത്തുന്ന ലൈബ്രറികളുടെ വികസനം കേന്ദ്ര മന്ത്രി അവലോകനം ചെയ്തു.

***************************

## CRICKET-YOUTH

ഇംഗ്ലണ്ടിനെതിരേയുള്ള യൂത്ത് ഏകദിന പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യൻ അണ്ടർ-19 ടീമിന് ആറുവിക്കറ്റ് ജയം. ആദ്യം ബാറ്റുചെയ്ത ഇംഗ്ലണ്ട് 174 റൺസിന് പുറത്തായി. ഇന്ത്യ 24 ഓവറിൽ നാലുവിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്ത് ലക്ഷ്യത്തിലെത്തി.

*

**************

******************************************